നം : AU.1/20165/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി 25..10..2016

## സർക്കുലർ

വിഷയം : സാമൂഹ്യനീതി വകുപ്പ് - ഫ്രെയിം വർക്ക് ഫോർ ഗവൺമെന്റ് സിവിൽ സൊസൈറ്റി പാർട്ട്ണർഷിപ്പ് ആന്റ് എൻ.ജി.ഒ അക്രഡിറ്റേഷൻ - സ്ഥാപനസന്ദർശനം - റിപ്പോർട്ട് ലഭ്യമാകുന്നത് - സംബന്ധിച്ച്

സൂചന :- ഈ കാര്യാലയത്തിലെ 5.8.16ലെ AU.1-20165/16 നം. ഉത്തരവ്

സാമൂഹ്യനീതി വകുപ്പ് സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടെ ദുർബല ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിരുന്നു. ഇതിന്റെ ഭാഗമായി അപേക്ഷ സമർപ്പിച്ചിട്ടുള്ള സന്നദ്ധസംഘടനകൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി അക്രഡിറ്റേഷൻ പ്രോസസ്സിൽ പരിശീലനം ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ സ്ഥാപനം സന്ദർശിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സൂചന പ്രകാരം നിയോഗിച്ച് ഉത്തരവായിരുന്നു.

2016 ഒക്റ്റോബർ 20-ാം തീയതിക്ക് മുൻപായി സ്ഥാപനം സന്ദർശനം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടും നാളിതുവരെ ഇത് സംബന്ധിച്ച് റിപ്പോർട്ടുകളൊന്നും തന്നെ ലഭ്യമായിട്ടില്ല. ടി സാഹചര്യത്തിൽ 2016 നവംബർ 7-ന് മുൻപായി അപേക്ഷകളിൻമേലുള്ള അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

Aj.